**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4305** **12.11.2019-ൽ മറുപടിയ്ക്ക്**

**<u>പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനികവത്കരണം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| പ്രാഥമിക സഹകരണ സംഘങ്ങളെ കാലഘട്ടത്തിനനുസൃതമായി ആധുനികവത്കരിക്കുന്നതിനും പുതിയ തലമുറ ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ സർക്കാർ നടത്തിയ നടപടികൾ വിശദീകരിക്കാമോ? | പ്രാഥമിക സഹകരണ സംഘങ്ങളുടെ കംപ്യൂട്ടർ വത്ക്കരണം, കോർബാങ്കിംഗ്, എ.റ്റി.എം സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കുവേണ്ടി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി പരമാവധി 10 ലക്ഷം രൂപ വരെ പദ്ധതി ധനസഹായം നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ കാലഘട്ടത്തിനനുസൃതമായി ആധുനികവത്ക്കരിക്കുന്നതിനും പുതിയ തലമുറ ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് എന്ന പേരിലുള്ള ടി ബാങ്ക് രൂപീകരണത്തിലൂടെ കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല സമ്പൂർണ്ണമായി നവീകരിക്കപ്പെടും. സ്വാഭാവികമായും കേരള ബാങ്കിലെ അംഗസംഘങ്ങൾക്കും പുത്തൻ തലമുറ ബാങ്കിംഗ് സേവനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആധുനിക സൗകര്യങ്ങളും പ്രദാനം ചെയ്യാൻ കഴിയുന്ന സ്ഥിതി ഉണ്ടാകും. സഹകരണ ബാങ്കുകളിൽ കോമൺ സോഫ്റ്റ് വെയർ, കോർബാങ്കിംഗ്, ഡിജിറ്റലൈസേഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**